"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മാരിടൈം ബോർഡ്-തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി മാരിടൈം ബോർഡ് വൈസ് ചെയർമാന്റെ ചുമതല കൂടി ബോർഡിന്റെ ചെയർമാന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (കൈ ) നം. 6/2024/F&P തീയതി, തിരുവനന്തപുരം, 11/03/2024

---

പരാമർശം:- 1) 02. 04. 2020 ലെ ജി.ഒ.(എം.എസ്) നം.6/2020/മതുവ

2) 19 /06 /2020 ലെ ജി.ഒ.(പി) നം. 15/2020/മ.തു.വ.

3) കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/08/2022 തീയതിയിലെ C2-1442/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സ്റ്റേറ്റ് പോർട്ട് കൺസൾറ്റേറ്റിവ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ആയത് എസ്.ആർ.ഒ. നമ്പർ 443 ആയി 2020 ജൂലൈ 1-ാം തീയതിയിലെ 1631-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി. ഈ കമ്മിറ്റിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിവിധ സ്ഥാപനങ്ങളിലേയും സംഘടനകളിലേയും പ്രതിനിധികളായതിനാൽ പോർട്ട് കൺസൾറ്റേറ്റിവ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നും അതിനാൽ പോർട്ട് കൺസൾറ്റേറ്റിവ് കമ്മിറ്റി പുനഃസംഘടിപ്പിച്ചു കൊണ്ടും അതിന്റെ ചെയർമാൻ സ്ഥാനം കേരള മാരിടൈം ബോർഡ് ചെയർമാന് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2017 ലെ കേരള മാരിടൈം ബോർഡ് ആക്റ്റിന്റെ 102-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ വൈസ് ചെയർമാൻ തുറമുഖ കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ എക്സ് ഒഫീഷ്യോ ചെയർമാൻ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ആക്റ്റിന്റെ 3-ാം വകുപ്പ് 4-ാം ഉപവകുപ്പ് ഇനം (2)-ൽ വൈസ് ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്ത് നിയമിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. അതുപ്രകാരം ബോർഡിന്റെ വൈസ് ചെയർമാനെ സർക്കാർ നാമനിർദ്ദേശം ചെയ്താൽ മാത്രമേ 102-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന തുറമുഖ കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ ചെയർമാനെ നിയമിക്കാൻ കഴിയൂ. പ്രസ്തുത ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടത്തിലോ റഗുലേഷനിലോ സംസ്ഥാന തുറമുഖ കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ ചെയർമാന്റെ അഭാവത്തിൽ കമ്മിറ്റിയിലെ മറ്റൊരംഗത്തിന് അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നതിന് അധികാരം നൽകി വ്യവസ്ഥ ചെയ്തിട്ടില്ല.

എന്നാൽ സ്റ്റേറ്റ് പോർട്ട് കൺസൽട്ടേറ്റീവ് കമ്മറ്റിയുടെ അദ്ധ്യക്ഷ പദവിക്കു പുറമേ മറ്റ് യാതൊരുവിധ അധികാരങ്ങളും ചുമതലയും 2017 ലെ കേരള മാരിടൈം ബോർഡ് ആക്ടിൽ വൈസ് ചെയർമാന് നൽകിയിട്ടില്ല. ആയതിനാൽ അത്തരത്തിലൊരു തസ്തികയുടെ ആവശ്യകതയില്ലെന്നും

ചെയർമാനുതന്നെ പ്രസ്തുത കമ്മിറ്റിയുടെ അദ്ധ്യക്ഷ പദവി നിർവ്വഹിക്കാവുന്നതാണ് എന്നും കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാരിടൈം ബോർഡ് ആക്ട് ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചു വരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ മാരിടൈം ബോർഡിൽ വൈസ് ചെയർമാനെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യം കണക്കിലെടുത്തും മാരിടൈം ബോർഡ് ആക്ട് ഭേദഗതി സജീവ പരിഗണയിലുള്ളതിനാലും കേരള മാരിടൈം ബോർഡ് ആക്ട് ഭേദഗതിക്ക് വിധേയമായി, തുറമുഖ കൺസൽട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്ന ആവശ്യത്തിലേയ്ക്ക് മാരിടൈം ബോർഡ് വൈസ് ചെയർമാന്റെ ചുമതല കൂടി കേരള മാരിടൈം ബോർഡ് ചെയർമാന് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
നിയമ വകുപ്പ് .
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.